## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 3233 — 19.06.2018-ൽ മറുപടി പറയേണ്ടത്

### 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി സർക്കാർ ചെയ്തു വരുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ), (ബി), (സി) & (ഡി) | 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും നഗരവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗരസ്വഭാവം കൈവരിച്ച ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനപ്പെടുത്തേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് അതിനനുസൃതമായ ശുപാർശകൾ സമർപ്പിക്കുവാനായി സർക്കാർ 28.03.2018-ന് സ.ഉ.(സാധാ) നം.877/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാർഡുകൾ വിഭജിക്കുന്നതും, വർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതും, പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതുമായ വിഷയങ്ങൾ എന്നിവയെ സംബന്ധിച്ച മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നീ വിഷയങ്ങളിൽ തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നിവ അറിയിക്കാമോ; | | |
| (സി) | മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് വാർഡുകൾ വിഭജിച്ച് വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (ഡി) | എങ്കിൽ അതിനുള്ള മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നിവ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ